**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1060** **24-02-2022 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷകേരളം പദ്ധതിയിലെ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സുഭിക്ഷകേരളം പദ്ധതിയിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ മത്സ്യകൃഷി പദ്ധതികളിൽ ഉൽപാദിപ്പിച്ച മത്സ്യങ്ങൾക്ക് വിപണി കിട്ടാതെ കർഷകർക്ക് നഷ്ടം സംഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കർഷകരെ സഹായിക്കാൻ ഫിഷറീസ് വകുപ്പ് പദ്ധതി നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | വിവിധ മത്സ്യകൃഷി പദ്ധതിയിലൂടെ ഉൽപാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന 50 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/ സംഘവുമായി ചേർന്നുള്ള മത്സ്യ വിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജക മണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിനായി തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലത്തിലായി 59 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ, ലൈവ് ഫിഷ് മാർക്കറ്റ്, ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ എന്നിവയും ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ